ERNAKULAM-BOLGHATTY FERRY—INCONVENIENT LOCATION OF.

149. മിസ്റ്റർ കെ. പി. വള്ളോൻ : താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമെൻറിൽനിന്നും സദയം മറുപടി നൽകുമോ?

പോഞ്ഞിക്കര-എറണാകുളം ഈ കടത്തുകടവിൽക്കൂടി വിദ്യാർത്ഥികൾക്കും മാറും ഗതാഗതസൗകര്യമില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവർമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഒരന്വേഷണം നടത്തി സ്ഥലസൗകര്യമുള്ള സ്ഥലത്തേക്ക് മാറുവാൻ കരുണ തോന്നുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ : ഉണ്ട്. ഈ കാര്യത്തെക്കുറിച്ച് ഗവർമെണ്ടു വേണ്ട അന്വേഷണം നടത്തുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ : ഇതുവരെ അന്വേഷണം നടത്തിയിട്ടും ഇതിനെപ്പറ്റി ഒന്നും തീരുമാനിക്കാറായില്ലേ?

മിസ്റ്റർ കെ. അച്യുതമേനോൻ : ഒരു തീപ്പു ഗവർമ്മെണ്ടിൽതിന്നും കല്പിക്കുന്നതിന്നുമുമ്പ് റാം മോഹൻ പാലസ്സിന്റെ അടുത്തു് ആക്കുവാൻ ഗവർമ്മെൻറ് തീരുമാനിച്ചിട്ടുണ്ട്. സ്ഥിരമായ ഒരു സ്ഥലം എടുക്കുന്നതിനെപ്പറ്റി ഗവർമ്മെൻറും അന്വേഷണവും നടത്തിവരുന്നുണ്ട്.

Mr. President: Now they are allowed to land at the old jail jetty.

മിസ്റ്റർ വി. കെ. കുട്ടി: സാധാരണ അവിടെക്കൂടി യാത്രചെയ്യുന്ന ആളുകൾക്കും ബുദ്ധിമുട്ടുണ്ട്. അതിനെപ്പറ്റിയും അന്വേഷിക്കുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ: അതിനെപ്പറ്റിയും അന്വേഷിക്കുന്നുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി: മുട്ടോളം വെള്ളം നീന്തി വേണം ഇപ്പോഴത്തെ സ്ഥലത്തേക്കു പോകുവാൻ. അതുകൊണ്ടു യാത്രക്കാർക്കു വളരെ ബുദ്ധിമുട്ടുണ്ട്.

മിസ്റ്റർ കെ. അച്യുതമേനോൻ: മുട്ടോളം വെള്ളവും ഇല്ല; ആരും നീന്തുന്നുമില്ല. പക്ഷേ ഗവർമ്മെൻറ് വേറെ ഒന്നു കിട്ടുന്നതിന്നു അന്വേഷിക്കുന്നുണ്ട്.

മിസ്റ്റർ വി. കെ. കുട്ടി: ഇപ്പോഴുള്ള ജെട്ടിയുടെ തെക്കുവശത്തായി ഉള്ള പാർക്കിന്റെ തെക്കുവശത്തേക്ക്, ഒരു സ്ഥലം കിട്ടുന്നതുവരെ, ഈ ജെട്ടി മാറുവാൻ വിരോധമുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: അതിനെപ്പറ്റിയൊക്കെ ആലോചിക്കുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: താമസിയാതെ ജനങ്ങൾക്കു ഉപദ്രവം കൂടാത്ത നിലയിൽ ഇതു നടത്തുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ: കഴിയുന്നതും വേഗത്തിൽ നടത്തുവാൻ നോക്കാം.

LAND REVENUE REMISSION IN 1114.

150. Mr. M. K. Devassy *(Adur):* Will the Government be pleased to state:—

LIBRARY ARCHIVES Kerala Legislative Assembly